## ഹജ്ജിന്റെ ശ്രേഷ്ടതയും സ്വാധീനവും

ഹജ്ജ് ഇസ്‌ലാമിലെ നിർബന്ധമായ അടിസ്ഥാന കർമ്മങ്ങളിൽ ഒന്നാണ്.

അത് നിർബന്ധമാണെന്നതിന് ഖുർആനും സുന്നത്തും ഇജ്മാഉം ബുദ്ധിപരമായ ന്യായവും തെളിവാണ്.

ജീവിതത്തിൽ ഒരിക്കലെങ്കിലും അത് നിർവ്വഹിക്കാൻ (കഴിവുള്ളവന്) ബാദ്ധ്യതയുണ്ട്. ഫർദ് ഐൻ ആണത്.

അത് നിഷേധിച്ചവൻ -അയാൾ പുതുതായി ഇസ്‌ലാം സ്വീകരിച്ചവനോ വിവരമില്ലാത്തവനോ അല്ലെങ്കിൽ- കാഫിറായിത്തീരുന്നതാണ്.

قال تعالى: إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا وَمَن تَطَوَّعَ خَيْرًا فَإِنَّ ٱللَّهَ شَاكِرٌ عَلِيمٌ [البقرة:158].

وقال تعالى: وَأَتِمُّوا۟ ٱلْحَجَّ وَٱلْعُمْرَةَ لِلَّهِ فَإِنْ أُحْصِرْتُمْ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ [البقرة:196].

وقال تعالى: وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلاً وَمَن كَفَرَ فَإِنَّ ٱللهَ غَنِىٌّ عَنِ ٱلْعَٰلَمِينَ [آل عمران:97].

وقال تعالى: وَأَذّن فِى ٱلنَّاسِ بِٱلْحَجّ يَأْتُوكَ رِجَالاً وَعَلَىٰ كُلّ ضَامِرٍ يَأْتِينَ مِن كُلّ فَجّ عَمِيقٍ لّيَشْهَدُوا۟ مَنَـٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِى أَيَّامٍ مَّعْلُومَـٰتٍ عَلَىٰ مَا رَزَقَهُمْ مّن بَهِيمَةِ ٱلاْنْعَامِ فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْبَائِسَ ٱلْفَقِيرَ [الحج:27، 28].

ഈ ആയത്തുകൾ നിർബന്ധമാണെന്നതിനെ കുറിക്കുന്നു.

عَلَى ٱلنَّاسِ(ജനങ്ങളുടെ മേൽ നിർബന്ധമാണ്) എന്ന പ്രയോഗം നിർബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഹജ്ജ് നിർബന്ധമാണെന്നതിനെ നിഷേധിക്കുന്നതിനെ കുറിച്ച് وَمَن كَفَرَ എന്നാണ് പ്രയോഗിച്ചിരിക്കുന്നത്.

علىഎന്നത് നിർബന്ധത്തെ കുറിക്കാൻ ഏറ്റവും ശക്തമായ പ്രയോഗം എന്ന നിലക്ക് അറബികൾക്കിടയിൽ ഉപയോഗിക്കാറുണ്ടെന്ന് ഇബ്നുൽ അറബി  പറഞ്ഞരിക്കുന്നു.

നർബന്ധമാണ് എന്നതിന് നബി ചര്യയിൽ നിന്നുള്ള തെളിവുകൾ

- ما رواه عبد الله بن عمر رضي الله عنهما، قال: قال رسول الله صلى الله عليه وسلم: ((بُنِيَ الإِسْلاَمُ عَلَى خَمْسٍ: شَهَادَةُ ألاَّ إِلَه إلّا الله وَأَنّ َمُحَمّداً رَسُولُ الله وَإِقَامِ الصلاةِ وإيتاء الزكاة وصوم رمضان وحج بيت الله الحرام لمن استطاع إلى ذلك سبيلا)).

2- ما رواه أبو هريرة رضي الله عنه قال: خطبنا رسول الله صلى الله عليه وسلم فقال: ((يا أيها الناس قد فرض الله عليكم الحج فحجوا))، فقال رجل: أكل عام يا رسول الله؟ فسكت حتى قالها ثلاثاً، فقال رسول الله صلى الله عليه وسلم: ((لو قلت: نعم، لوجبت ولما استطعتم))، ثم قال: ((ذروني ما تركتكم فإنما هلك من كان قبلكم بكثرة سؤالهم واختلافهم على أنبيائهم، فإذا أمرتكم بشيء فأتوا منه ما استطعتم وإذا نهيتكم عن شيء فدعوه)) مسلم.

(അബൂ ഹുറൈറ (റ) വിൽ നിന്ന് .അദ്ദേഹം പറഞ്ഞു.നബി (സ) ഞങ്ങളോട് പ്രസംഗിച്ചു.അദ്ദേഹം പറഞ്ഞു. ജനങ്ങളേ അല്ലാഹു നിങ്ങളുടെ മേൽ ഹജ്ജ് നിര് ബന്ധമാക്കിയിരിക്കുന്നു അതിനാല് നിങ്ങൾ ഹജ്ജ് ചെയ്യൂ. അപ്പോൾ ഒരാൾ ചോദിച്ചു, എല്ലാ വർഷവും ചെയ്യണോ അല്ലാഹുവിന്റെ റസൂലേ ? .മൂന്ന് പ്രാവശ്യം ആ ചോദ്യം ആവർത്തിക്കപ്പെടുവോളം നബി ഒന്നും പ്രതികരിച്ചില്ല. പിന്നെ നബി പറഞ്ഞു. ഞാൻ അതെ എന്ന് പറഞ്ഞാൽ അത് നിർബന്ധമാവുകയും നിങ്ങൾക്കത്

കഴിയാതിരിക്കുകയും ചെയ്യും. പിന്നീട് നബി പറഞ്ഞു. ഞാൻ എങ്ങനെയാണോ നിങ്ങളെ ഉപേക്ഷിച്ചത് അത് പോലെ എന്നെവിടുക, കാരണം പ്രവാചകൻമാരോട് വിയോചിക്കുകയും ചോദ്യങ്ങൾ അധികരിപ്പിക്കുകയും ചെയ്തതിനാലാണ് നിങ്ങൾക്ക് മുമ്പുള്ളവർ നശിപ്പിക്കപ്പെട്ടത്. ഞാൻ ഒരു കാര്യം നിങ്ങളോട് കല്പിച്ചാൽ നിങ്ങൾ അത് സാധ്യമാകുന്നരീതിയിൽ ചെയ്യുക നിരോധിച്ചാൽ അതിൽ നിന്ന് വിട്ട് നില്ക്കുക)

ഈ ഹദീസുകൾ ഇത് നിർബന്ധമാണ് എന്നതിന് ഖണ്ഡിതമായ തെളിവാണ്.അത് നിർവ്വഹിക്കാൻ ആവശ്യമായ ശർത്തുകൾ പൂർത്തീകരിച്ച, നിർവ്വഹിക്കുന്നതിന് തടസ്സങ്ങളില്ലാത്ത വ്യക്തി അത് നിർവ്വഹിക്കാതെ അവന്റെ ഇസ്ലാം പൂർത്തിയാവുകയില്ല.

ഒരു വിശ്വാസി ഞാൻ അല്ലാഹുവിൽ നിന്ന് വ്യതിചലിച്ചത് മഹാ കഷ്ടമായിപ്പോയി ( يا حسرتي على ما فرطت في جنب الله)എന്ന് വിലപിക്കുന്ന അവസ്ഥ വന്നെത്തുന്നതിന്(മരണത്തിന്) മുമ്പായി ആ ബാധ്യത നിർവ്വഹിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

ഹജ്ജിന്റെ ഫദ്ലിനെ കുറിച്ച് ധാരാളമായി ഖുർആനിലും ഹദീസുകളിലും വന്നിട്ടുണ്ട്. മുമ്പ് പ്രസ്താവിക്കാത്ത ചിലത്.

1- الحج يهدم ما قبله:

عن عمرو بن العاص رضي الله عنه قال: (.. فلما جعل الله الإسلام في قلبي أتيت النبي صلى الله عليه وسلم فقلت: إبسط يمينك لأبايعك فبسط يمينه، قال: فقبضت يدي، قال: مالك يا عمرو؟ قال: قلت أردت أن أشترط، قال: تشترط بماذا؟ قلت: أن يغفر لي، قال: أما علمت أن الإسلام يهدم ما كان قبله وأن الهجرة تهدم ما كان قبلها وأن الحج يهدم ما كان قبله ...).

(അംറുബ്നുൽ ആസ് (റ) പറഞ്ഞു എന്റെ ഹൃദയത്തിലേക്ക ഇസ്ലാം പ്രവേശിച്ചപ്പോൾ നബിയുടെ അടുത്ത് ചെന്ന് ഞാൻ പറഞ്ഞു. താങ്കളുടെ വലത് കൈ നീട്ടുക ഞാൻ താങ്കളോട് ബൈഅത്ത് ചെയ്യട്ടെ, അദ്ദേഹം കൈനീട്ടിയപ്പോൾ ഞാൻ കൈ തടഞ്ഞ് വെച്ചു. അപ്പോൾ നബി ചോദിച്ചു എന്താണ് അംറേ താങ്കൾക്ക് പറ്റിയത്. ഞാൻ പറഞ്ഞു, എനിക്ക് ഉപാധി വെക്കണമെന്ന് തോന്നുന്നു. നബി ചോദിച്ചു . എന്ത് ഉപാധിയാണ് താങ്കൾ വെക്കാനുദ്ദേശിക്കുന്നത്. ഞൻ പറഞ്ഞു. എനിക്ക് പൊറുത്തുതരുമെന്ന്. അദ്ദേഹം പറഞ്ഞു. താങ്കൾക്കറിയില്ലേ, ഇസ്ലാം സ്വീകരണവും ഹിജ്റയും ഹജ്ജും അവക്ക് മുമ്പുള്ള പാപങ്ങൾ പൊറുക്കുമെന്ന്)

2- الحاج يعود بعد حجه كيوم ولدته أمه:

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم: ((من حج هذا البيت فلم يرفث ولم يفسق رجع كيوم ولدته أمه)).

(ഈ ഭവനത്തിൽ ആരെങ്കിലും ഹജജ് ചെയ്താൽ അവൻ അശ്ലീലവും അധർമ്മവും പ്രവർത്തിച്ചിട്ടില്ലെങ്കിൽ ഉമ്മ അലനെ പ്രസവിച്ച അതേ പരിശുദ്ധിയോടെയാടെയാണ് അവൻ മടങ്ങുക.)

3- الحج أفضل الأعمال بعد الإيمان والجهاد:

عن أبي هريرة رضي الله عنه قال: سئل النبي صلى الله عليه وسلم: أي الأعمال أفضل؟ قال: ((إيمان بالله ورسوله))، قيل: ثم ماذا؟ قال: ((ثم جهاد في سبيل الله))، قيل: ثم ماذا؟ قال: ((ثم حج مبرور)) البخاري.

4- الحج أفضل الجهاد:

عن عائشة رضي الله عنها قالت: قلت يا رسول الله: نرى الجهاد أفضل الأعمال أفلا نجاهد؟ قال: ((لا لكن أفضل الجهاد حج مبرور)) البخاري.

5- عن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال: ((العمرة إلى العمرة كفارة لما بينهما، والحج المبرور ليس له جزاء إلا الجنة)).

ഹാജിമാർ അല്ലാഹുവിന്റെ യാത്രാസംഘമാണ്. അവർ ചോദിച്ചാൽ നൽകും പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കും , പാപമോചനം തേടിയാൽ പൊറുത്തുകൊടുക്കും, അവർ ചെലവഴിക്കുന്നത് അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്.
അല്ലാഹു ഹാജിമാരുടെ കാര്യത്തിൽ അഭിമാനിക്കും.അറഫയിൽ വെച്ച് മലക്കുകൾ അവരോട് വിളിച്ച് പറയും : നിങ്ങൾ പാപങ്ങൾ പൊറുത്തവരായി തിരിച്ച് പോവുക,അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹവും ഔദാര്യവുമാണത്.
ഹജ്ജ് അല്ലാഹുവിലേക്കുള്ള ഹിജ്റയാണ്.അവന്റെ വിളിക്കുള്ള ഉത്തരമാണ്.മുസ്ലിംകൾ പരസ്പര ബന്ധങ്ങൾ നന്നാക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന കാലമാണ് ഹജ്ജിന്റേത്.
ഇസ്ലാമിലെ ഇബാദത്തുകളും ചഹനങ്ങളും മുസ്ലിമിന്റെ ഐഹീകവും പാരത്രീകവുമായ നന്മയാണ് ലക്ഷ്യമാക്കുന്നത്.
അത് പോലെ ഹജ്ജും മുസ്ലിമിന്റെ അവന്റെ സൃഷ്ടാവുമായുള്ള അടുപ്പം വർദ്ധിപ്പിക്കുന്നു, അവരുടെ നഫ്സുകളെ ശുദ്ധീകരിക്കുന്നു. അവരുടെ നാടും വീടും വ്യത്യസ്തവും വിദൂരവുമാണെങ്കിലും വിശ്വാസത്തന്റെ അടിസ്ഥാനത്തിലുള്ള സ്നേഹബന്ധം അവർ ശക്തിപ്പെടുത്തുന്നു.
ഹജ്ജിന്റെ സൽഫലങ്ങൾ
1. അല്ലാഹുവിന്റെ കല്പന മുറുകെ പിടിക്കലും അവന്റെ  വിളിക്ക് ഉത്തരം നൽകലുമാണ് ഹജ്ജ്. അല്ലാഹുവിനുള്ള ആത്മാർഥമായ അനുസരണവും യഥാർത്ഥ സമർപ്പണവും അതിലുണ്ട്.

وَمَن يُسۡلِمۡ وَجۡهَهُۥٓ إِلَى ٱللَّهِ وَهُوَ مُحۡسِنٞ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰۗ [لقمان:22].

2.ഇബ്രാഹീം നബി (അ) യെ മാതൃകയാക്കി അദ്ദേഹത്തെ പിൻപറ്റാൻ ഹാജി പ്രേരിതനാകുന്നു.

قَدۡ كَانَتۡ لَكُمۡ أُسۡوَةٌ حَسَنَةٞ فِيٓ إِبۡرَٰهِيمَ وَٱلَّذِينَ مَعَهُۥٓ..........لَقَدۡ كَانَ لَكُمۡ فِيهِمۡ أُسۡوَةٌ حَسَنَةٞ لِّمَن كَانَ يَرۡجُواْ ٱللَّهَ وَٱلۡيَوۡمَ ٱلۡأٓخِرَ.. [الممتحنة:6...4].

3. ഹജ്ജ് വഹ്യ് ഇറക്കപ്പെട്ട ശരീഅത്ത് നൽകപ്പെട്ട ഭൂമിയോടുള്ള ബന്ധമാണ്. ആ പരിശുദ്ധമായ ഭൂമിയോട് ബന്ധപ്പെടുമ്പോൾ ഇസ്ലാമിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്ത, ലോകത്തന്റെ വിവിധ ഭാഗത്തേക്ക് ഇസ്ലാമിനെ പ്രബോധനം ചെയ്ത ആ ഒന്നാം തലമുറയെ പിൻപറ്റാൻ ഒരു മുസ്ലിം ആവേശഭരിതനാകുന്നു. ഈ ഒരു ലക്ഷ്യത്തിൽ മുസ്ലിംകൾ ഏകീകരിക്കപ്പെടുന്നു.
4.മനുഷ്യ സമത്വത്തിന്റെ കർമ്മ മാതൃകയാണ് ഹജ്ജ്. സമത്വത്തിന്റെ ഏറ്റവും ഉത്തമ മാതൃകയാണ് അറഫയിലെ ഒരുമിച്ച് കൂടൽ. മറ്റെല്ലാ ശ്രേഷ്ടതകളും മറന്ന് തഖ്‌വയുടെ അടിസ്ഥാനത്തിലുള്ള ശ്രേഷ്ടത മാത്രമാണ് അവിടെയുള്ളത്.

إِنَّ أَكۡرَمَكُمۡ عِندَ ٱللَّهِ أَتۡقَىٰكُمۡۚ [الحجرات:13]

سَوَآءً ٱلۡعَٰكِفُ فِيهِ وَٱلۡبَادِۚ [الحج:25]

5.ഹജ്ജ് അല്ലാഹുവിനെ കണ്ട് മുട്ടുന്നതിനെ ഓർമ്മിപ്പിക്കുന്നു. ഒറ്റ വസ്ത്രത്തിൽ ഹാജിമാർ ഒന്നടങ്കം തൽബിയ്യത്ത് ചെല്ലുമ്പോൾ, അറഫയിൽ ഒന്നിച്ച് നില്കുമ്പോൾ കഫൻ പുടവയും അല്ലാഹുവിന്റെ സന്നിദാനത്തിൽ നിൽക്കുന്നതിനെയുമാണ് അത് ഓർമ്മിപ്പിക്കുന്നത്.ആ ദിവസത്തിന് വേണ്ടി പാഥേയമൊരുക്കാൻ അവനെ അത് പ്രേരിപ്പിക്കുന്നു.
6. പരസ്പര പരിചയവും ബന്ധവും ശക്തിപ്പെടുത്തുന്നു. കൂടിയാലോചനക്കും അഭിപ്രായ കൈമാറ്റത്തിനും അത് അവസരം സൃഷ്ടിക്കുന്നു.   ..

وَتَعَاوَنُواْ عَلَى ٱلۡبِرِّ وَٱلتَّقۡوَىٰۖ وَلَا تَعَاوَنُواْ عَلَى ٱلۡإِثۡمِ وَٱلۡعُدۡوَٰنِۚ [المائدة:2]

7. ജനങ്ങളുടെ ഏകത്വത്തിന്റെ കേന്ദ്രമാണ് ഹജ്ജ്. ഹജ്ജിൽ മുസ്ലിംകളുടെ ഏകത്വം ദർശിക്കാം. അവർ ഒന്നിച്ച് പരിശുദ്ധ പ്രദേശങ്ങൾ സന്ദർശിക്കുന്നു.ഒറ്റ ഭവനത്തിലേക്ക് പുറപ്പെടുന്നു. ഒരു റബ്ബിനെ അഭിമുഖീകരിക്കുന്നു. ഒറ്റ കൊടിക്കൂറയിൽ ഒരേ മുദ്രാവാക്യം മുഴക്കുന്നു. ഒന്നിച്ച് അല്ലാഹുവിന്റെ കൽപനക്ക് വിധേയമാകുന്നു.

إِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱعْبُدُونِ [الأنبياء:92].

8.ഹജ്ജ് എല്ലാറ്റിനും പുറമേ മുസ്‌ലിംകളുടെ വാർഷിക സമ്മേളനമാണ്.
അല്ലാഹു ഇബാദത്തുകൾ നിർബന്ധമാക്കിയത് അവനുള്ള അനുസരണത്തിൽ പരീക്ഷിക്കാനും അവനോടുള്ള വിധേയത്വം പ്രകടിപ്പിക്കാനും നന്ദി പ്രകാശിപ്പിക്കാനും ഐഹീകവും പാരത്രീകവുമായ നന്മ നേടിയെടുക്കാനുമാണ്.
ഹജ്ജിൽ ഇത് പോലെ ധരാളം പ്രയോജനങ്ങളുണ്ട്.

لِّيَشْهَدُوا۟ مَنَٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَٰمِ فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْبَآئِسَ ٱلْفَقِيرَ [الحج:28].

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: ഐഹീകവും പാരത്രീകവുമായ നന്മയാണ് ഉദ്ദേശ്യം. ആഖിറത്തിലെ പ്രയോജനം അല്ലാഹുവിന്റെ തൃപ്തിയും ദുൻയാവിലെ പ്രയോജനം ബലിയും കച്ചവടവുമായും ബന്ധപ്പെട്ടതുമാണ്.

**ഹജ്ജിന്റെ സ്വാധീനം രണ്ട് മേഖലയിലാണുള്ളത്.**

1. മുസ്‌ലിം ഉമ്മത്തിന്റെ ജീവിതത്തിൽ ഹജ്ജിനുള്ള സ്വാധീനം ആദർശം, ഏകത, സാമ്പത്തികം, തുടങ്ങിയ ജീവിതത്തിന്റെ വിവിധമേഖലകളിൽ ഹജ്ജ് സ്വാധീനം ചെലുത്തുന്നു.

-a സമകാലീന മുസ്‌ലിം സമൂഹവും മുൻകാല ഇസ്‌ലാമിക സമൂഹവും തമ്മിൽ ഹജ്ജ് ബന്ധിപ്പിക്കുന്നു. പൗരാണിക കാലത്ത് ഇബ്രാഹീം നബി നടത്തിയ വിളിക്ക് ഉത്തരം നൽകി കൊണ്ട് ആ പ്രാചീന ഭവനം സന്ദർശിക്കുന്നതിലൂടെയാണ് ഇത് സാധിക്കുന്നത്.وَأَذِّن فِى ٱلنَّاسِ بِٱلْحَجِّ

-b ജനങ്ങൾക്കിടയിൽ വിവേചനമുണ്ടാക്കുന്ന നിറം, ജാതി, ..തുടങ്ങിയ വ്യാജമായ ചിഹ്നങ്ങളെ ദുർബലമാക്കുന്നു ഹജ്ജ്.

إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ [الحجرات:13]

-c മുസ്‌ലിംകളുടെ മുദ്രാവാക്യത്തിന്റെ ഏകത്വം . ഭിന്നത കൊണ്ടാണ് മുസ്‌ലിംകൾ ഇന്നനുഭവിക്കുന്ന പ്രയാസങ്ങൾ അനുഭവിക്കുന്നത്.

وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟ [آل عمران:103]

-d കച്ചവട, സാമ്പത്തിക ഇടപാടുകളിൽ ഉണ്ടാകുന്ന പ്രയോചനങ്ങൾ. ഈ വലിയ സംഗമം രാജ്യങ്ങൾ തമ്മിലുള്ള കൊടുക്കലിന്റെയും വാങ്ങലിന്റെയും വേദിയാകുന്നു എന്നതിൽ സംശയമില്ല.

2. ഹജ്ജ് നിർവ്വഹിക്കുന്നവനിൽ ഹജ്ജ് വരുത്തുന്ന സ്വാധീനം

1. -a)ദൈവസ്മരണ പുതുക്കുന്നു.അല്ലാഹുവും അവനും തമ്മിൽ സ്നേഹ ബന്ധം ശക്തിപ്പെടുന്നു, ഹജ്ജിന്റെ മുദ്രവാക്യംതന്നെ ഈ പുതക്കലും ശക്തിപ്പെടുത്തലുമാണ്, ഖുശൂഉം ഖുദൂഉം ആയിരിക്കും ഹജ്ജീലുടനീളം അവനിലുണ്ടായിരിക്കുന്ന വികാരം

   لبيك اللهم، لبيك لا شريك لك لبيك, .......-

2. -b)ഹജ്ജ് നിർവ്വഹണത്തിലൂടെ അവൻ ആഖിറത്തിനെ ഓർക്കുന്നു. ഹാജിയുടെ മനസ്സിൽ അല്ലാഹുവിനെ കണ്ട് മുട്ടാനുള്ള ആഗ്രഹം ശക്തിപ്പെടുന്നു. അതിനാൽ അവൻ സൽകർമ്മങ്ങളിൽ മുന്നേറുന്നു.നന്മയുടെ കാര്യത്തിൽ ഉന്മേഷത്തോടെ പ്രവർത്തിക്കുന്നു. പാപത്തന്റെ വികാരങ്ങൾ തകരുന്നു. മരണത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ച ഓർമ്മ അവനിൽ നിലനിൽക്കിന്നു.

3. -c)അല്ലാഹുവിന്റെ തൃപ്തിയും പാപമോചനവും നേടുന്നു. പാപ മുക്തനായിട്ടാണ് അവൻ നാട്ടിലേക്കും അല്ലാഹുവിലേക്കും തിരിച്ച് വരുന്നത്.

   (من حج فلم يرفث ولم يفسق رجع كيوم ولدته أمه)

4. -d)ത്യാഗത്തിന്റെയും സാമ്പത്തിക വ്യയത്തിന്റെയും പാഠങ്ങൾ പഠിക്കുന്നു.നാടും കുടുംബവും പ്രിയപ്പെട്ടവരെയു ഉപേക്ഷിച്ച് കൊണ്ടുള്ള യാത്ര......സാമ്പത്ത്, ശരീരം, സമയം എന്നീ രംഗത്തുള്ള ജിഹാദാണ് ഹജ്ജ്.

5. -e)ക്ഷമയും അനുസരണവും പരിശീലിപ്പിക്കുന്ന കർമ്മ രീതിയാണ് ഹജ്ജിലുള്ളത്. അനുസരണം, നിഷിദ്ധങ്ങളിൽ നിന്ന് വിട്ട് നിൽക്കൽ, സമ്പത്ത ചെലവഴിക്കൽ തുടങ്ങിയ രംഗത്തെല്ലാം ഈ ക്ഷമ പരിശീല്ക്കാൻ അവന് കഴികയുന്നു.

6. -f)ഹജ്ജ് അവന്റെ ജീവിതത്തിൽ തുടർന്നും സ്വാധീനം ചെലുത്തും

فَإِذَا قَضَيْتُم مَّنَـٰسِكَكُمْ فَٱذْكُرُوا۟ ٱللَّهَ كَذِكْرِكُمْ ءَابَآءَكُمْ أَوْ أَشَدَّ ذِكْرًا... [البقرة:200].

അവസാനമായി ഒരു ഹദീസ് കൂടി സൂചിപ്പിക്കുന്നു

(أما خروجك من بيتك تؤم البيت الحرام فإن لك بكل وطأة تطؤها راحلتك يكتب الله لك بها حسنة ويمحو عنك بها سيئة، وأما وقوفك بعرفة فإن الله عز وجل ينزل إلى السماء الدنيا فيباهي بهم الملائكة فيقول: هؤلاء عبادي جاؤوني شعثاً غبراً من كل فج عميق يرجون رحمتي ويخافون عذابي ولم يروني، فكيف لو رأوني، فلو كان عليك مثل رمل عالج أو مثل أيام الدنيا أو مثل قطر السماء ذنوباً غسلها الله عنك، وأما رميك الجمار فإنه مدخور لك، وأما حلقك رأسك فإن لك بكل شعرة تسقط حسنة. فإذا طفت بالبيت خرجت من ذنوبك كيوم ولدتك أمك)

(പരിശുദ്ധ ഭവനത്തെ ലക്ഷ്യം വെച്ചുള്ള നിന്റെ യാത്രയിൽ നിന്റെ വാഹനത്തിന്റെ ഓരോ ചവിട്ടടിയിലും നിനക്ക് നന്മ രേഖപ്പെടുത്തും നിന്റെ പാപങ്ങൾ പൊറുക്കുകയും ചെയ്യും.നിന്റെ അറഫയിലുള്ള നിർത്തമാകട്ടെ, അല്ലാഹു ഭൂമിയുടെ ആകാശത്തേക്ക് ഇറങ്ങി വന്ന് അവരുടെ കാര്യത്തിൽ മലക്കകളോട് അഭിമാനം കൊള്ളും. അവൻ പറയും (ഇതാ എന്റെ അടിമകൾ പൊടി പിടിച്ച് ജഢ പിടിച്ച് എല്ലാ ദുർഘട പാദകളും താണ്ടി എന്റെ അടുത്തേക്ക് വന്നിരിക്കുന്നു. അവർ എന്റെ കാരുണ്യം പ്രതീക്ഷിക്കുന്നു. എന്റെ ശിക്ഷയെ ഭയപ്പെടുന്നു.എന്നാൽ അവരെന്നെ കാണുന്നുല്ല. അപ്പോൾ അവരെന്നെ കണ്ടാൽ എങ്ങനെയായിരിക്കും.) നീ മണൽതരി കണക്കെയോ ദിവസങ്ങൾ കണക്കെയോ മഴത്തുള്ളികൾ കണക്കെയോ പാപങ്ങളുണ്ടെങ്കിൽ അല്ലാഹു അവ കഴുകിക്കളയും, ജംറയിലെ കല്ലേറ് നിനക്ക് സമ്പാദ്യമായി സൂക്ഷിക്കപ്പെടും, നീ വെട്ടിക്കളയുന്ന ഓരോ മുടിക്കും പകരമായി നന്മ രേഖപ്പെടുത്തും, നീ ത്വവാഫ് ചെയ്താൽ ഉമ്മ പ്രസവിച്ച അതേ പരശുദ്ധിയോടെയായിരിക്കും നീ അവിടെ നിന്നും മടങ്ങുന്നത്)